# Visit of the Prime Minister of Denmark to India (October 9-11, 2021)

October 05, 2021

---

**ഡെന്മാർക് പ്രധാനമന്ത്രിയുടെ ഇന്ത്യയിലേക്കുള്ള സന്ദർശനം (ഒക്ടോബർ 9-11, 2021)**

ഒക്ടോബർ 05, 2021

1.ഡെന്മാർക് പ്രധാനമന്ത്രി മെറ്റെ ഫ്രഡറിക്സൺ 2021 ഒക്ടോബർ 9 മുതൽ 11 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിൽ സന്ദർശനം നടത്തും.

2. തന്റെ സന്ദർശന വേളയിൽ, മെറ്റെ ഫ്രെഡറിക്സൺ ഇന്ത്യൻ പ്രസിഡന്റിനെ സന്ദർശിക്കുകയും പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും ചെയ്യും. ചിന്തകർ വിദ്യാർത്ഥികൾ, സിവിൽ സൊസൈറ്റി അംഗങ്ങൾ എന്നിവറുമായി സംഭാഷങ്ങൾ നടത്തും.

3. ഇന്ത്യ-ഡെൻമാർക്ക് ഉഭയകക്ഷി ബന്ധങ്ങൾ പതിവായുള്ള ഉന്നത തല കൈമാറ്റങ്ങൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നും കൂടാതെ ചരിത്രപരമായ ബന്ധങ്ങൾ, പൊതുവായ ജനാധിപത്യ പാരമ്പര്യങ്ങൾ, പ്രാദേശിക, അന്താരാഷ്ട്ര സമാധാനം, സ്ഥിരത എന്നിവയ്ക്കുള്ള സമാനമായ അഭിലഷണീയത എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ്.

4. 28 സെപ്റ്റംബർ 2020 -ൽ നടന്ന വെർച്ചൽ ഉച്ചകോടിയിൽ, ഇന്ത്യയും ഡെൻമാർക്കും 'ഗ്രീൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പ്' സ്ഥാപിച്ചിരുന്നു. മെറ്റ് ഫ്രെഡറിക്സന്റെ സന്ദർശനം ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വ്യാപ്തിയും ചർച്ച ചെയ്യാനും 'ഗ്രീൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പ്' നടപ്പിലാക്കുന്നതിലെ പുരോഗതി അവലോകനം ചെയ്യാനും ഇരുപക്ഷത്തിനും അവസരം നൽകും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ബഹുരാഷ്ട്ര പ്രശ്നങ്ങളും ഇരുപക്ഷവും ചർച്ച ചെയ്യും.

5. ഇന്ത്യയും ഡെൻമാർക്കും തമ്മിൽ ശക്തമായ വ്യാപാര -നിക്ഷേപ ബന്ധങ്ങങ്ങളാണുള്ളത്. ഇന്ത്യയിൽ 200 ലധികം ഡാനിഷ് കമ്പനികളും ഡെൻമാർക്കിൽ 60 ഇന്ത്യൻ കമ്പനികളുമുണ്ട്. പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജം, ശുദ്ധമായ സാങ്കേതികവിദ്യകൾ, ജല -മാലിന്യ സംസ്കരണം, കൃഷി, മൃഗസംരക്ഷണം, ശാസ്ത്ര സാങ്കേതിക വിദ്യ, ICT ഉൾപ്പടെയുള്ള ഡിജിറ്റൈസേഷൻ, സ്മാർട്ട് സിറ്റികൾ, ചരക്ക് ഗതാഗതം എന്നീ മേഖലകളിൽ ശക്തമായ സഹകരണം നിലനിൽക്കുന്നു

6. ഇന്ത്യയും ഡെന്മാർക്ക് തമ്മിലുള്ള അടുത്ത സൗഹൃദ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**ഒക്ടോബർ 5, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.